**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5770 19.11.2019-ലെ മറുപടിക്ക്**

## സാമ്പത്തിക പ്രതിസന്ധി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അനിൽ അക്കര** | **ഡോ. ടി.എം. തോമസ് ഐസക്**<br>**ധനകാര്യവും കയറും വകുപ്പുമന്ത്രി** |

| | | |
|---|---|---|
| (എ) | സംസ്ഥാനം വ്യാപകമായ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ ഒന്നും ഫലപ്രദമായിട്ടില്ല എന്നാണോ ഇത് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി സംസ്ഥാനത്തിന്റെ അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യം ആഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിലും സംസ്ഥാനത്ത് ആയത് പ്രകടമല്ലാത്തത് സർക്കാർ നടത്തുന്ന മേൽ പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്. |

| | | |
|---|---|---|
| (ബി) | സംസ്ഥാനത്ത് നികുതി പിരിവിലുണ്ടായതായി പറയപ്പെടുന്ന അനാസ്ഥയും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ കാരണമായിട്ടുണ്ടോ എന്നറിയിക്കാമോ; | രാജ്യം നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജനങ്ങളുടെ വാങ്ങൽ ശേഷിയിലുണ്ടായ കുറവാണ് പ്രസ്തുത പ്രശ്നത്തിന് നിദാനം. ഒരു തരത്തിലുള്ള അനാസ്ഥയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. |
| (സി) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരിക്കുമ്പോഴും അനാവശ്യ ചെലവും ധൂർത്തും നടത്തുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ; വിശദമാക്കാമോ? | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും വികസന ക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയെന്നതാണ് സർക്കാർ അനുവർത്തിച്ചു വരുന്ന നയം. ടി നയത്തിൽ നിന്നും നാളിതുവരെ സർക്കാർ വ്യതിചലിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ